(ഡി) പ്രസ്തുത കോളേജുകളിൽ എം.ബി.എ. യ്ക്ക് സ്പോർട്ട്സ് കോട്ടാ നിലവിലില്ലെങ്കിൽ ഒരു നിശ്ചിത ശതമാനം സ്പോർട്ട്സ് കോട്ടാ സീറ്റ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) സർക്കാർ കോളേജുകളിലേയും സ്വാകാര്യ എയിഡഡ് കോളേജു കളിലേയും സ്വാശ്രയ കോളേജുകളിലേയും എം.ബി.എ. കോഴ്സിന്റെ ആകെ ഫീസ് എത്ര ; പ്രത്യേകം പ്രത്യേകമായി പൂർണ്ണമായ വിവരം വിശദമാക്കുമോ ?

ഉത്തരം

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെകീഴിൽ വരുന്ന തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിലും കൊല്ലം റ്റി.കെ.എം. കോളേജ് ഓഫ് എഞ്ചിനീയറിംഗിലും കേരള യൂണിവേഴ്സിറ്റിയുടെ കീഴിൽ അഫിലിയേറ്റ് ചെയ്തിരിക്കുന്ന എം.ബി.എ. കോഴ്സുകൾ ഉണ്ട്. തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ ഫുൾടൈം എം.ബി.എ. കോഴ്സിന് 40 സീറ്റുകളും പാർട്ട്ടൈം കോഴ്സിന് 30 സീറ്റുകളും റ്റി.കെ.എം. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കൊല്ലത്ത് പാർട്ട് ടൈം കോഴ്സിന് 30 സീറ്റുകളാണ് ഉള്ളത്. എം.ബി.എ. കോഴ്സിന് സ്പോർട്ട്സ് കോട്ടാ നിലവിലില്ല. സ്വാശ്രയ കോളേജുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) 2011-12-ലെ പ്രവേശനം ജൂൺ, ജൂലൈ മാസങ്ങളിലാണ് നടന്നു വരുന്നത് ബേസിക് ഡിഗ്രി. യുടെ മാർക്കിന്റെ അടിസ്ഥാനത്തിലാണ് പ്രവേ ശനം നടത്തുന്നത്. സർക്കാർ എയിഡഡ് കോളേജുകളിൽ ഒരേ മാനദണ്ഡം അനുസരിച്ചാണ് പ്രവേശനം നടത്തുന്നത്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഇപ്പോൾ പരിഗണനയില്ല.

(ഇ) തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ എം.ബി.എ. കോഴ്സിന് 25,000 രൂപ വെച്ച് സെമസ്റ്റർ ഫീസ് കൊടുക്കേണ്ടതും റ്റി.കെ.എം. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കൊല്ലത്തിലെ എം.ബി.എ. കോഴ്സിന് 17,000 രൂപ സെമസ്റ്റർ ഫീസ് നൽകേണ്ടതുമാണ്. സ്വാശ്രയ കേളേജുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

സർവ്വകലാശാലകളിലെ നിയമനം പി.എസ്.സി.ക്കു വിടുന്നത് സംബന്ധിച്ച ഉത്തരവുകൾ

94 (2101) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വകലാശാലകളിലെ നിയമനം പി.എസ്.സി.ക്കു വിടുന്നത് സംബന്ധിച്ച് 2010 ഡിസംബർ18-ന് മന്ത്രിസഭായോഗം തീരുമാനിച്ചിരുന്നോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിദ്യാഭ്യാസ വകുപ്പ് അതനുസരിച്ച് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) സർക്കാർ തീരുമാനത്തിന് വിപരീതമായി സർവ്വകലാശാലാ സിൻഡിക്കേറ്റുകൾ നിയമനത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) സർക്കാർ തീരുമാനം അട്ടിമറിക്കാനുണ്ടായ കാരണങ്ങൾ വ്യക്തമാക്കുമോ ;

(ഇ) വിവിധ തസ്തികകളിലേക്കുള്ള സിൻഡിക്കേറ്റുകളുടെ നിയമന നീക്കങ്ങൾ റദ്ദാക്കാനും അതു പി.എസ്.സി.ക്കു തന്നെ വിടുന്നതിനും നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 2010 ഡിസംബർ 15-ന് ചേർന്ന മന്ത്രിസഭാ യോഗത്തിലാണ് സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനങ്ങൾ പി.എസ്.സി.ക്കു വിടാൻ തീരുമാനിച്ചത്.

(ബി) ഉണ്ട്. സ.ഉ.(എംഎസ്.) 399/2010/ഉ.വി.വ തീയതി 18-12-2010-ന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു *

(സി-ഇ) സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേക്കുള്ള റിക്രൂട്ട്മെന്റ് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിടാനുള്ള 18-12-2010-ലെ തീരുമാനം നടപ്പിലാക്കുന്നതിന് സർവ്വകലാശാലാ നിയമങ്ങളിൽ ഭേദഗതി ആവശ്യമാണ്. ഭരണഘടനയുടെ 321-ാം അനുച്ഛേദം അനുശാസിക്കുന്ന പ്രകാരം പ്രത്യേക നിയമനിർമ്മാണം നടത്തിയാൽ മാത്രമേ പ്രസ്തുത ചുമതല കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അധികമായി നൽകാൻ കഴിയുകയുള്ളു. ഇങ്ങനെ നടത്തുന്ന നിയമനിർമ്മാണങ്ങൾക്ക് മുൻകാല പ്രാബല്യം നൽകാൻ കഴിയുകയില്ല. നിലവിലുള്ള നിയമവ്യവസ്ഥ അനുസരിച്ച് സർവ്വകലാശാല നടത്തിയ പരീക്ഷകളും പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റുകളും റദ്ദാക്കാൻ ആവുകയില്ല. അങ്ങനെ ചെയ്താൽ അതിന് നിയമസാധുതയും ഉണ്ടാവുകയില്ല.

ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേക്കുള്ള റിക്രൂട്ട്മെന്റ് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിടുന്നതിനുവേണ്ടി സർവ്വകലാശാലാ നിയമങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുവാൻ നിയമാനുസൃത നടപടി സ്വീകരിക്കുന്നതിന് സർവ്വകലാശാലകളെ ചുമതലപ്പെടുത്തുകയും റിക്രൂട്ട്മെന്റ് ചുമതല കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അധികമായി നൽകുന്നതിന് ഭരണഘടനയുടെ 321-ാം അനുച്ഛേദം അനുശാസിക്കുന്നവിധം ആവശ്യമായ നിയമനിർമ്മാണം നടത്തുന്നതിന് നിയമവകുപ്പിനെ ചുമതലപ്പെടുത്തുകയും സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമന നടപടികൾ ഇതിനകം ആരംഭിച്ചിട്ടുള്ള സർവ്വകലാശാലകൾക്ക് നിലവിലുള്ള നിയമം അനുസരിച്ച്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ആയത് തുടരുന്നതിന് അനുമതി നൽകുകയും ചെയ്ത് സർക്കാർ 4-2-2011-ന് സ.ഉ.(എംഎസ്.) നം. 11/2011/ഉ.വി.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കേന്ദ്ര സർവ്വീസ് സംസ്ഥാന സർവ്വീസിനോട് ചേർത്ത് പെൻഷന് പരിഗണിക്കുവാൻ വ്യവസ്ഥ

95 (2102) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോളേജ് അദ്ധ്യാപകരായി കേന്ദ്ര സർവ്വീസിൽ ജോലി നോക്കുകയും തുടർന്ന് സംസ്ഥാന സർവ്വീസിൽ വരികയും ചെയ്തവർക്ക് കേന്ദ്ര സർവ്വീസ് സംസ്ഥാന സർവ്വീസിനോട് ചേർത്ത് പെൻഷന് പരിഗണിക്കുവാൻ വ്യവസ്ഥയുണ്ടോ ; സംസ്ഥാനത്ത് ഇത്തരത്തിൽ ആർക്കെങ്കിലും പെൻഷൻ നൽകിവരുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ വിഷയവുമായി ബന്ധപ്പെട്ട് കോടതി ഉത്തരവുകളോ സർക്കാർ ഉത്തരവുകളോ നിലവിൽ ഉണ്ടോ ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്നതിനായി കേന്ദ്ര സർക്കാർ സർവ്വിസിൽ നിന്നും സ്വഹിതത്തിൽ പിരിഞ്ഞിട്ടുള്ളവരുടെ കേന്ദ്ര സർക്കാർ സേവനകാലം സംസ്ഥാന സർക്കാർ സർവ്വീസിൽ പെൻഷന് യോഗ്യകാലമായി കണക്കാക്കുന്നതിനു കെ. എസ്. ആർ-ൽ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന് 12-11-2002 മുതലാണ് പ്രാബല്യം നൽകിയിട്ടുള്ളത്. ടി വ്യവസ്ഥകൾ കോളേജ് അദ്ധ്യാപകരായി കേന്ദ്ര സർവ്വീസിൽ ജോലി നോക്കിയശേഷം സംസ്ഥാന സർക്കാർ സർവ്വീസിൽ പ്രവവേശിച്ചവർക്കും ബാധകമാണ്.

(ബി) ഈ വിഷയവുമായി ബന്ധപ്പെട്ട് കോടതി ഉത്തരവുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇക്കാര്യത്തിൽ കെ. എസ്. ആർ ചട്ടങ്ങളുടെ പ്രസ്കതഭാഗം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

കൊച്ചിൻ യൂണിവേഴ്സിറ്റിക്ക് നൽകിയ ധനസഹായം

96 (2103) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊച്ചിൻ യൂണിവേഴ്സറ്റിക്ക് നൽകിയ ധനസഹായം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ധനസഹായത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly